"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2021-22 - കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ - സ്മാർട്ട് വില്ലേജ് ഓഫീസ് നിർമാണത്തിനായി വട്ടപ്പാറ വില്ലേജ് ഓഫീസിന് നൽകിയ ഭരണാനുമതി മാണിക്കൽ വില്ലേജ് ഓഫീസിന് മാറ്റി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.396/2026/RD തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:-
1. 09.07.2021 തീയതിയിലെ സ.ഉ(സാധാ) നം. 2386/2021/റവ നമ്പർ സർക്കാർ ഉത്തരവ്.
2 22.09.2021 തീയതിയിലെ സ.ഉ(സാധാ) നം. 3193/2021/റവ നമ്പർ സർക്കാർ ഉത്തരവ്.
3. 15.10.2025 തീയതിയിലെ സ.ഉ(സാധാ) നം. 2373/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
4. 11.11.2025 തീയതിയിലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ.എം2-330/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2021-22-ലെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയ്ക്കായി 3600 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2] പ്രസ്തുത പദ്ധതിയിലുൾപ്പെട്ട സ്മാർട്ട് വില്ലേജ് ഓഫീസ് നിർമാണത്തിനായി തിരുവനന്തപുരം ജില്ലയിലെ വട്ടപ്പാറ വില്ലേജ് ഓഫീസിനെ തിരഞ്ഞെടുത്ത് 2 പ്രകാരം ഉത്തരവാകുകയുണ്ടായി. എന്നാൽ, സംസ്ഥാന സർക്കാരിന്റെ പ്രത്യേക മുൻഗണനാ പദ്ധതിയായ നവകേരള സദസ്സിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ വട്ടപ്പാറ മിനി സിവിൽ സ്റ്റേഷൻ, മറ്റ് ഓഫീസുകൾക്ക് പുറമെ വട്ടപ്പാറ വില്ലേജ് ഓഫീസ് കൂടി ഉൾക്കൊള്ളിച്ച്, നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് കെട്ടിട വിഭാഗം സമർപ്പിച്ച 3 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി പരാമർശം 3 പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.

3] മേൽ സാഹചര്യത്തിൽ പ്ലാൻ സ്കീം 2021-22 പ്രകാരം വട്ടപ്പാറ വില്ലേജ് ഓഫീസ് നിർമ്മാണത്തിന് അനുവദിച്ച 44 ലക്ഷം രൂപയുടെ ഭരണാനുമതി ചെങ്കൽ വില്ലേജോഫീസിന് മാറ്റി അനുവദിക്കണമെന്നും, DSoR അപ്ഡേഷൻ കാരണം 44 ലക്ഷം രൂപയ്ക്ക് സ്മാർട്ട് വില്ലേജ് നിർമാണം സാദ്ധ്യമല്ലാത്തതിനാൽ ഭരണാനുമതി തുക 50 ലക്ഷം രൂപയാക്കി പുതുക്കി നിശ്ചയിക്കണമെന്നും തിരുവനന്തപുരം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് സഹിതം ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 4-ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021-22-സാമ്പത്തിക വർഷത്തെ

കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി തിരുവനന്തപുരം ജില്ലയിലെ വട്ടപ്പാറ വില്ലേജ് ഓഫീസിന് അനുവദിച്ചിരുന്ന ഭരണാനുമതി സ്മാർട്ട് വില്ലേജ് ഓഫീസാക്കി പുനർനിർമ്മിക്കേണ്ട മാണിക്കൽ വില്ലേജ് ഓഫീസിന് മാറ്റി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 19-02-2026 11:13:01

സെക്ഷൻ ഓഫീസർ